നമ്പർ. സി.ജി. (1) 24788/03.

സഹകരണസംഘം രജിസ്ട്രാറാഫീസ്,

തിരുവനന്തപുരം, 31.1.2005

സർക്കുലർ നമ്പർ. 3/2005

വിഷയം:- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും-സർവീസ് സഹകരണ ബാങ്കുകളും ലീഡ് ബാങ്കുകൾക്ക് വിവരങ്ങൾ കൃത്യമായി അയച്ചു കൊടുക്കണമെന്നുള്ള നിർദേശം.

സൂചന:- സഹകരണസംഘം രജിസ്ട്രാറുടെ 16.9.1996 ലെ 21/96-ാം നംപർ സർക്കുലർ.

ബാങ്കിംഗ് മേഖലയിലെ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നതിനായി ലീഡ് ബാങ്ക് നിർദേശിച്ചിട്ടുള്ള എൽ.ബി. ആർ. 1, 2, 3 നംപർ ഫാറങ്ങൾ പ്രകാരമുള്ള വിവരങ്ങൾ അത്യന്താപേക്ഷിതവും സമയബന്ധി തവുമായി ലീഡ് ബാങ്കുകൾക്ക് ലഭിക്കേണ്ടതുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങ ളുടെ /സർവീസ് സഹകരണ ബാങ്കുകളുടെ വിവരങ്ങൾ കൃത്യമായി അയച്ചുകൊടുത്താൽ മാത്രമേ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവലോകനം നടത്തുന്നതിനും ഈ മേഖലയിലെ സഹകരണസ്ഥാപനങ്ങളുടെ പങ്കാളിത്തം വ്യക്തമാക്കുന്നതിനും കഴിയുകയു ള്ളൂ. വളരെയേറെ പ്രാധാന്യമുള്ള ഈ വിഷയത്തിന് സഹകരണ സംഘങ്ങൾ വേണ്ടത്ര പ്രാധാന്യം കൽപിക്കുന്നില്ല എന്നതും, സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നുമുള്ള വൈമുഖ്യവും കണക്കിലെടുത്താണ് സൂചന പ്രകാരമുള്ള സർക്കുലർ നിർദേശം പുറപ്പെടുവിച്ചത്. സംഘങ്ങ ളുടെ പ്രതിനിധികൾ ബാളോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിങ്ങിൽ കൃത്യമായി ഹാജരാ കാതിരിക്കുക, വിവരങ്ങൾ നൽകാതിരിക്കുക/വൈകി നൽകുക, എന്നിവ തുടർന്നു വരുന്ന തായും ജില്ലാ ജോയിന്റേ രജിസ്ട്രാർ (ജനറൽ) മാരെ അറിയിച്ചിട്ടും യാതൊരു നടപടിയും കൈക്കൊള്ളുകയുണ്ടായില്ല എന്നും, ജില്ലാതല അവലോകനം നടത്തി സംസ്ഥാനതല സമി തിയ്ക്ക് റിപ്പോർട്ട് നൽകാൻ കഴിയുന്നില്ല എന്നും ലീഡ് ബാങ്കുകൾ വീണ്ടും ഈ ഓഫീ സിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുകയാണ്. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളിൽ സഹകരണ മേഖലയുടെ പങ്കാളിത്തം ഇക്കാരണത്താൽ പ്രതിഫലിക്കപ്പെടുന്നില്ല എന്നത് അത്യന്തം ഗുരുതരമായി വീക്ഷിക്കുന്നതോടൊപ്പം മേലിൽ കർശനമായി പാലിക്കുന്നതി ലേയ്ക്ക് താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ബി.എൽ.ബി.സി മീറ്റിങ്ങുകളിൽ ബന്ധപ്പെട്ടവർ കൃത്യമായി പങ്കെടുക്കേണ്ടതാണ്.

2. ലീഡ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള എൽ.ബി.ആർ. 1, 2, 3 ഫാറങ്ങളിൽ ഓരോ മാസത്തേയും വിവരങ്ങൾ തയ്യാറാക്കി തൊട്ടടുത്ത മാസം 7-ാം തീയതിയ്ക്കുള്ളിൽ കിട്ടത്തക്കവണ്ണം ലീഡ് ബാങ്കിന് നൽകേണ്ടതാണ്. ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ക്ക് ഒരു പകർപ്പ് നൽകേണ്ടതുമാണ്.

ടി സർക്കുലർ നിർദേശം പുറപ്പെടുവിച്ചിട്ടും സംഘങ്ങൾ

3. ജില്ലയിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ ടി നിർദേശങ്ങൾ വീഴ്ച കൂടാതെ പാലിക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ഉറപ്പു വരുത്തേണ്ടതും മാസം തോറുമുള്ള വിവരം സഹകരണസംഘം രജിസ്ട്രാർ ആഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്

കെ.കേശവൻ,

സഹകരണസംഘം രജിസ്ട്രാർ ഇൻ-ചാർജ്.

പകർപ്പ്:

1. എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/ബാങ്കുകൾ. (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
4. ജനറൽ മാനേജർ. എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. സെക്രട്ടറി സർക്കിൾ സഹകരണയൂണിയൻ
6. എഡിറ്റർ സഹകരണ വീഥി
7. എഡിറ്റർ, സഹകരണ ജേർണൽ
8. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

ആർ.എസ്. 5.2.05